**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണൽ - ജീവനക്കാര്യം - ദിവസവേതനാടിസ്ഥാനത്തിൽ ഡ്രൈവറായി ജോലി ചെയ്തുവരുന്ന ശ്രീ. കെ . ബദറുദ്ദീൻ ഫയൽ ചെയ്ത OP (KAT) No.37/2018 ലെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(സാധാ) നം.3053/2018/തസ്വഭവ. തിരുവനന്തപുരം, തീയതി: 01/12/2018**

---

പരാമർശം :- (1) 14/02/2018 ലെ OP(KAT)No.37/2018 ലെ വിധിന്യായം

(2) 28.11.2018 തീയതിയിലെ OA.No.1074/2018 ലെ വിധിന്യായം

(3) 19/07/2018 ലെ സ.ഉ (സാധാ) നം1961/2018/LSGD

**ഉത്തരവ്**

പരാമർശം (1) ലെ വിധിന്യായ പ്രകാരം ഒന്നാം എതിർകക്ഷി (സർക്കാർ) പരാതിക്കാരനെ നേരിൽ കേൾക്കുകയും Annexure A6, A11 നിവേദനങ്ങളിലെ ആവശ്യം പരിശോധിച്ച് യുക്തമായ തീരുമാനം കൈക്കൊണ്ട് ഉത്തരവു പുറപ്പെടുവിക്കണമെന്നും നിർദ്ദേശിച്ചിരുന്നു. Annexure A 6 നിവേദനത്തിലെ ആവശ്യം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണലിൽ 10 വർഷത്തിലധികമായി ദിവസവേതനാടിസ്ഥാനത്തിൽ ഡ്രൈവറായി ജോലി ചെയ്തുവരുന്ന പരാതിക്കാരനെ, സർക്കാരിന്റെ വിശേഷ വിവേചനാധികാരം ഉപയോഗിച്ച് സ്ഥിരപ്പെടുത്തണമെന്നതാണ്. Annexure A 11 നിവേദനത്തിൽ പരാതിക്കാരനെ ദിവസവേതനവ്യവസ്ഥയിൽ തിരുവനന്തപുരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണലിൽ തുടരാൻ അനുവദിക്കണമെന്നതായിരുന്നു ആവശ്യം .

(2) Annexure 6 പരിശോധിച്ച ശേഷം 04/06/2018 ൽ പരാതിക്കാരനെ ഡെപ്യൂട്ടി സെക്രട്ടറി നേരിൽ കേൾക്കുകയും പരാമർശം (2) ലെ വിധിന്യായം നടപ്പിലാക്കികൊണ്ട് പരാമർശം (3) ലെ ഉത്തരവ് പുറപ്പെടുവിക്കുകയുമുണ്ടായി. ആയതു പ്രകാരം അന്യത്രസേവന വ്യവസ്ഥയിൽ ഡ്രൈവർ തസ്തികയിലേക്ക് ആളെ നിയമിക്കും വരെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണലിൽ പരാതിക്കാരൻ ദിവസ വേതന വ്യവസ്ഥയിൽ ഡ്രൈവറായി തുടർന്ന് വരികയാണ്.

(3) പരാമർശം (1) ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പരാതിക്കാരനെ 31/10/2018 ൽ അണ്ടർ സെക്രട്ടറി നേരിൽ കേട്ടിരുന്നു. ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിന്റെയും പരാതിക്കാരനെ നേരിൽ കേൾക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിലും ടിയാന്റെ പ്രായവും ജീവിത പ്രാരാബ്ധവും കണക്കിലെടുത്ത് ടിയാൻ ജോലിചെയ്തുവരുന്ന ഡ്രൈവർ തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ അടുത്ത ആളെ നിയമിക്കുന്നതുവരെ ദിവസവേതനക്കാർക്ക് നിലവിൽ പിന്തുടർന്നുവരുന്ന വ്യവസ്ഥകൾക്കു വിധേയമായി ശ്രീ. ബദറുദ്ദീനെ തുടരാൻ അനുവദിച്ച് കൊണ്ട് പരാമർശം (1) ലെ വിധി നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു .

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**

**മിനി എം.ആർ**

**ഗവൺമെന്റ് അണ്ടർ സെക്രട്ടറി**

സെക്രട്ടറി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണൽ, തിരുവനന്തപുരം

ശ്രീ ബദറുദീൻ.കെ,വട്ടവിള വീട്, വെള്ളായണി ജംഗ്ഷൻ, നേമം ,തിരുവനന്തപുരം 695020

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**